<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1631</u> <u>08-12-2022 - ൽ മറുപടിയ്ക്ക്</u>

<u>വീടുവയ്ക്കുന്നതിനുള്ള അനുവാദം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി നിയോജകമണ്ഡലത്തിലെ കറുകുറ്റി മാമ്പ്ര കുന്നത്ത് പറമ്പിൽ ഫെമിനി ജോസിന് മൂന്ന് സെന്റ് ഭൂമി സൗജന്യമായി ലഭിച്ചതിൽ വീടുവയ്ക്കുന്നതിനുള്ള അനുവാദം നൽകുന്നതിനായി സമർപ്പിച്ച അപേക്ഷ 19.9.22 തീയതിയിലെ 2412/വി.ഐ.പി/എം/2022 നമ്പരായി എറണാകുളം ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | അങ്കമാലി നിയോജക മണ്ഡലത്തിലെ കറുകുറ്റി മാമ്പ്ര കുന്നത്ത് പറമ്പിൽ ശ്രീമതി. ഫെമിനി ജോസ് എന്നയാൾക്ക് സൗജന്യമായി ലഭിച്ച മൂന്ന് സെന്റ് ഭൂമിയിൽ വീടുവെയ്ക്കുന്നതിനുള്ള അനുമതിക്കായി, 19.09.2022-ൽ R1015691 നം. പ്രകാരം, റവന്യൂ മിത്രം പോർട്ടൽ മുഖേന അപേക്ഷ ലഭിച്ചിരുന്നു. പ്രസ്തുത അപേക്ഷയിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി, 2412/വി.ഐ.പി/എം/2022 നമ്പർ പ്രകാരം, എറണാകുളം ജില്ലാ കളക്ടർക്കും, ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസർക്കും കൈമാറി നല്കിയിരുന്നു. 24.09.2022-ന് ലഭിച്ച പ്രസ്തുത അപേക്ഷയിന്മേൽ, ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി, ജില്ലാ കളക്ടർ ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് .<br><br>മേൽ പ്രകാരമുള്ള അപേക്ഷ പരിശോധിച്ചതിൽ, ആലുവ താലൂക്ക് പാറക്കടവിൽ വില്ലേജിൽ ഉൾപ്പെട്ടതും, വില്ലേജ് റിക്കാർഡുകൾ പ്രകാരം നിലമായി കിടക്കുന്നതുമായ സ്ഥലത്ത് വീട് വെക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായാണ്, അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഇപ്രകാരം, വില്ലേജ് റിക്കാർഡുകൾ പ്രകാരം നിലമായിട്ടുള്ള ഭൂമി, പുരയിടമാക്കി നൽകുന്നതിന്, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ട പ്രകാരമുള്ള നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.<br><br>ടി ആവശ്യത്തിനായി ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ആഫീസർക്ക് സമർപ്പിച്ചിരുന്ന ഫോറം 5 അപേക്ഷ, Q-20376 നമ്പർ പ്രകാരം, റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി, പാറക്കടവ് കൃഷി ഓഫീസർക്ക് നല്കിയിട്ടുള്ളതും, ടി വിവരം സൂചിപ്പിച്ച് കൊണ്ട് അപേക്ഷകയ്ക്ക് RDO മറുപടി നൽകിയിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| (ബി) | മേൽ വിഷയത്തിൽ സർക്കാർ അയച്ച കത്ത് ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ടോ; ആയതിൻമേൽ സ്വീകരിച്ച തുടർനടപടി വ്യക്തമാക്കുമോ; | (ബി) | അങ്കമാലി നിയോജക മണ്ഡലത്തിലെ കറുകുറ്റി മാമ്പ്ര കുന്നത്ത് പറമ്പിൽ ശ്രീമതി. ഫെമിനി ജോസ് എന്നയാൾക്ക് സൗജന്യമായി ലഭിച്ച മൂന്ന് സെന്റ് ഭൂമിയിൽ വീടുവെയ്ക്കുന്നതിനുള്ള അനുമതിക്കായി, 19.09.2022-ൽ R1015691 നം. പ്രകാരം, റവന്യൂ മിത്രം പോർട്ടൽ മുഖേന അപേക്ഷ ലഭിച്ചിരുന്നു. പ്രസ്തുത അപേക്ഷയിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി, 2412/വി.ഐ.പി/എം/2022 നമ്പർ പ്രകാരം, എറണാകുളം ജില്ലാ കളക്ടർക്കും, ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസർക്കും കൈമാറി നല്കിയിരുന്നു. 24.09.2022-ന് ലഭിച്ച പ്രസ്തുത അപേക്ഷയിന്മേൽ, ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി, ജില്ലാ കളക്ടർ ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് .<br><br>മേൽ പ്രകാരമുള്ള അപേക്ഷ പരിശോധിച്ചതിൽ, ആലുവ താലൂക്ക് പാറക്കടവിൽ വില്ലേജിൽ ഉൾപ്പെട്ടതും, വില്ലേജ് റിക്കാർഡുകൾ പ്രകാരം നിലമായി കിടക്കുന്നതുമായ സ്ഥലത്ത് വീട് വെക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായാണ്, അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഇപ്രകാരം, വില്ലേജ് റിക്കാർഡുകൾ പ്രകാരം നിലമായിട്ടുള്ള ഭൂമി, പുരയിടമാക്കി നൽകുന്നതിന്, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ട പ്രകാരമുള്ള നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.<br><br>ടി ആവശ്യത്തിനായി ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ആഫീസർക്ക് സമർപ്പിച്ചിരുന്ന ഫോറം 5 അപേക്ഷ, Q-20376 നമ്പർ പ്രകാരം, റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി, പാറക്കടവ് കൃഷി ഓഫീസർക്ക് നല്കിയിട്ടുള്ളതും, ടി വിവരം സൂചിപ്പിച്ച് കൊണ്ട് അപേക്ഷകയ്ക്ക് RDO മറുപടി നൽകിയിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത വിഷയത്തിൽ അനുകൂല തീരുമാനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (സി) | ഫോറം 5 അപേക്ഷയിന്മേലുള്ള, പാറക്കടവ് കൃഷി ഓഫീസറുടെ റിപ്പോർട്ട്, അടിയന്തിരമായി ലഭ്യമാക്കി, നിയമ/ ചട്ട പ്രകാരമുള്ള തുടർ നടപടികൾ ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ആഫീസർ സ്വീകരിക്കുന്നതാണ്. |
| (ഡി) | മേൽ വിഷയത്തിൽ കൊച്ചി ആർ.ഡി.ഒ. ഓഫീസിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ഫോറം 5 അപേക്ഷയിന്മേലുള്ള, പാറക്കടവ് കൃഷി ഓഫീസറുടെ റിപ്പോർട്ട്, അടിയന്തിരമായി ലഭ്യമാക്കി, നിയമ/ ചട്ട പ്രകാരമുള്ള തുടർ നടപടികൾ ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ആഫീസർ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ